പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4502

25/06/2019-ൽ

മറുപടിക്ക്

**ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ഡി. പ്രസേനൻ** | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ / 3 കോടി രൂപ എന്നിങ്ങനെ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിൽ, ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും 5 കോടി ഇനത്തിൽ ജി.എച്ച്.എസ്.എസ് കിഴക്കഞ്ചേരിക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. 3 കോടി ഇനത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എരുമയൂരിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളിന് കിഫ്ബി ഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) ഏതെല്ലാം സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചു എന്നും ഓരോ സ്കൂളിലേയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ? | (ബി) ജി.എച്ച്.എസ്.എസ് കിഴക്കഞ്ചേരി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ പണികൾ പൂർത്തിയായി. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. |

Namitha.P

**സെക്ഷൻ ഓഫീസർ**